പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 350 29.06.2016-ൽ മറുപടിയ്ക്ക്

## ഉതിമൂട്ടിൽ കിൻഫ്രയുടെ അപ്പാരൽപാർക്ക്

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | ഉത്തരം<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | റാന്നി ഉതിമൂട്ടിൽ കിൻഫ്രയുടെ അപ്പാരൽപാർക്ക് നിർമ്മാണത്തിനായി എത്ര ഭൂമിയാണ് പാട്ടവ്യവസ്ഥയിൽ ലഭിച്ചിട്ടുള്ളത് ; ഏതു വർഷം; എത്ര തുകയാണ് വാർഷിക പാട്ടമായി നിശ്ചയിച്ചിട്ടുള്ളത്; | എ) | 1.40558 ഏക്കർ സ്ഥലമാണ് പാട്ട വ്യവസ്ഥയിൽ ലഭിച്ചിട്ടുള്ളത്. 22.10.2011 -ന് പ്രസ്തുത ഭൂമി കിൻഫ്രക്ക് ലഭ്യമായി. പ്രസ്തുത ഭൂമിക്ക് 24,856 രൂപയാണ് പ്രതിവർഷ പാട്ടത്തുക. |
| ബി) | ഏതൊക്കെ വർഷങ്ങളിൽ പാട്ടത്തുക അടച്ചിട്ടുണ്ട് എന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ; ഏതൊക്കെ വർഷത്തെ പാട്ടതുകയാണ് അടയ്ക്കാതിരുന്നിട്ടുള്ളത്; ഇത് എന്തു കാരണത്താലാണെന്നും ആരാണ് ഉത്തരവാദിയായിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | ബി) | 2011-12 മുതൽ 2015-16 വരെയുള്ള പാട്ടത്തുക അടച്ചിട്ടുണ്ട്. പാട്ടത്തുക അടക്കുന്നതിൽ കിൻഫ്ര വീഴ്ച വരുത്തിയിട്ടില്ല. |
| സി) | അപ്പാരൽ പാർക്കിനായി വിട്ടു കിട്ടിയ ഭൂമിയിൽ അപ്പാരൽ പാർക്ക് സ്ഥാപിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ; ഇവിടെ കിൻഫ്രയ്ക്ക് മറ്റെന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശമുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | സി) | കേരളത്തിൽ കൂടുതൽ അപ്പാരൽ പാർക്ക് തുടങ്ങുക പ്രായോഗികമല്ല. മറ്റേതെങ്കിലും പദ്ധതിയാണ് അവിടെ യോജിച്ചതെന്നുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് പാർക്ക് സ്ഥാപിക്കുന്ന പദ്ധതി മാറ്റിയത്.<br>പ്രസ്തുത സ്ഥലത്ത് സിഡ്കോയെ കൊണ്ട് വി.പി.പി. മാതൃകയിൽ അനുയോജ്യമായ എന്തെങ്കിലും വ്യവസായങ്ങൾ ആരംഭിക്കാനുള്ള സാദ്ധ്യതകൾ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ